# മധുരമായ കുട്ടികളേ – ദുഃഖിതരായ എല്ലാവരെയും സുഖികളാക്കി മാറ്റുക, ഇത് ഒരു ബാബയുടെ മാത്രം കർത്തവ്യമാണ്, ബാബയാണ് സർവ്വരുടെയും സദ്ഗതി ദാതാവ്.

**ചോദ്യം:–** ബാബ തന്റെ കുട്ടികൾക്ക് കയറുന്ന കലയിൽ പോകുന്നതിന് ഏതൊരു യുക്തിയാണ് കേൾപ്പിക്കുന്നത്?
**ഉത്തരം:–** ബാബ പറയുന്നു, മധുരമായ കുട്ടികളേ – ഞാൻ എന്താണോ കേൾപ്പിക്കുന്നത്, നിങ്ങൾ അത് മാത്രം കേൾക്കൂ. ബാക്കി എന്തെല്ലാം കേട്ടിട്ടുണ്ടോ അതിനെ മറക്കൂ എന്തുകൊണ്ടെന്നാൽ അതിലൂടെ നിങ്ങൾ താഴെയിറങ്ങി വന്നിരിക്കുകയാണ്.

**ചോദ്യം:–** എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരം വരുന്ന ഏതൊരു ഗുഹ്യമായ രഹസ്യമാണ് നിങ്ങൾ കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നത്?
**ഉത്തരം:–** ബ്രഹ്മാവ് തന്നെ വിഷ്ണു, വിഷ്ണു തന്നെ ബ്രഹ്മാവായി മാറുന്നതെങ്ങനെയാണ്, എങ്ങനെയാണ് പരസ്പരം നാഭിയിൽ നിന്ന് വരുന്നത്, ഈ ഗുഹ്യമായ രഹസ്യം നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കിയിരിക്കുന്നത്. ഇത് എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരമാണ്.

**ഗീതം:–** കണ്ണില്ലാത്തവർക്ക് വഴി കാണിക്കൂ പ്രഭൂ.......

**ഓം ശാന്തി**. മധുര–മധുരമായ അതി സ്നേഹികളായ വളരെകാലത്തിന് ശേഷം തിരികെ കിട്ടിയ കുട്ടികൾ അർത്ഥം മനസ്സിലാക്കിയിരിക്കുന്നു. അല്ലെങ്കിൽ ബാബക്ക് തീർച്ചയായും സൃഷ്ടിയിലെ മുഴുവൻ കുട്ടികളും പ്രിയപ്പെട്ടവരാണ്. കുട്ടികൾക്കറിയാം ഏതെല്ലാം മനുഷ്യരുണ്ടോ അവരെല്ലാം പരംപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ്. ഈശ്വരീയ കുടുംബമാണ്. കുടുംബത്തിൽ ഏറ്റവും കൂടുതൽ സ്നേഹം കുട്ടികളെ രചിച്ച അച്ഛനോടാണ്. പരിധിയില്ലാത്ത അച്ഛൻ പറയുകയാണ് പ്രിയപ്പെട്ട, മധുര–മധുരമായ വളരെക്കാലത്തിന് ശേഷം തിരികെ കിട്ടിയ കുട്ടികളെ, 5000 വർഷങ്ങൾക്ക് ശേഷം വീണ്ടും വന്ന് കാണുകയാണ്. എപ്പോൾ കണ്ടുമുട്ടും? ഈ സംഗമയുഗത്തിൽ. എപ്പോഴാണോ ബാബ വന്ന് എല്ലാ കുട്ടികളെയും അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക് കൂട്ടികൊണ്ട് പോകുന്നത്. ശാന്തിക്ക് വേണ്ടി എത്ര സമ്മേളനങ്ങൾ മുതലായവ നടത്തുന്നു. സൃഷ്ടിയിൽ പ്രശ്നങ്ങൾ അവസാനിപ്പിച്ച് എങ്ങനെ പരസ്പരം ശാന്തിയുണ്ടാക്കാം എന്ന് അന്യോന്യം കൂടിയാലോചന നടത്തുന്നു. ഇല്ലായെങ്കിൽ പരസ്പരം കലഹിച്ച് വിനാശമുണ്ടാക്കും. വിനാശത്തിനോട് ഭയക്കുന്നു. ഇത് മറന്നു പോകുന്നു ബാബ തന്നെയാണ് വന്ന് സുഖധാമം അർത്ഥം ആദി സനാതന ദേവീ–ദേവതാധർമ്മം വീണ്ടും സ്ഥാപിക്കുന്നതെന്ന്, ഏതാണോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങളെല്ലാവരും പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടുന്നതിനിരിക്കുകയാണ്. നിങ്ങൾക്കറിയാം പരംപിതാ പരമാത്മാവ് വന്ന് വീണ്ടും ആസുരീയ ലോകത്തിന്റെ വിനാശം ചെയ്യിക്കുന്നുവെന്ന്. വിനാശം തീർച്ചയായും ഉണ്ടാകണമല്ലോ എന്തുകൊണ്ടെന്നാൽ ഈ സമയം എല്ലാവരും ദുഖിതരാണ്. ഇത് കല്പ–കല്പം ബാബയുടെ തന്നെ കർത്തവ്യമാണ് – ദുഃഖിതരായി ആരെല്ലാമുണ്ടോ അവരെയെല്ലാം സുഖികളാക്കി മാറ്റുക. ബാക്കി ആരെല്ലാമാണോ സ്വയം ദുഖിതരും പതിതരും, അവരെങ്ങനെ മറ്റുള്ളവരെ പാവനവും സുഖികളുമാക്കി മാറ്റും. അതും മുഴുവൻ ലോകത്തിന്റെയും കാര്യമാണ്. പാടുന്നുമുണ്ട് – സർവ്വരുടെയും സദ്ഗതി ദാതാവ് ഒരാളാണ്. അല്ലയോ പരംപിതാ പരമാത്മാ വന്ന് ഞങ്ങൾ പതിതരെ പാവനമാക്കൂ. ഇതാണെങ്കിൽ എല്ലാ ധർമ്മത്തിലുള്ളവർക്കുമറിയാം ഭാരതത്തിൽ ദേവീ ദേവതകളുടെ രാജ്യമായിരുന്നു. ആ സമയം നമ്മളുണ്ടായിരുന്നില്ല. പ്രാചീന ഭാരതത്തിന്റെ മഹിമ വളരെയധികമുണ്ട്. ഭഗവാൻ ആദ്യമാദ്യം സ്വർഗ്ഗം രചിച്ചു, അതിന്റെ അധികാരിയാരായിരുന്നു? ഭാരതം. സ്വർഗ്ഗത്തിൽ സ്വർണ്ണത്തിന്റെയും വജ്രത്തിന്റെയും കൊട്ടാരമുണ്ടായിരുന്നു. ഭാരതം വളരെ സമ്പന്നമായിരുന്നു. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യത്തിൽ അനേകാനേകം മതങ്ങളാണ്. ബാക്കി ഒരു ദേവതാ ധർമ്മം പ്രായലോപമായി. വളരെ ദുഖിതരായി മാറി. ഇപ്പോൾ ആ ബാബ പറയുകയാണ് ഈ ബ്രഹ്മാദാദയാണെങ്കിൽ രത്നവ്യാപാരിയായിരുന്നു, ഇദ്ദേഹമല്ല പറയുന്നത്, നിരാകാരനായ ബാബയാണ് ഈ ശരീരത്തിലൂടെ പറയുന്നത് ഈ ബ്രഹ്മാവിനു പോലും തന്റെ ജന്മത്തെക്കുറിച്ച് അറിയുകയില്ല. നിങ്ങൾ ബ്രഹ്മാകുമാരനും കുമാരിമാർക്കും തന്റെ ജന്മങ്ങളെ ക്കുറിച്ച് അറിയുമായിരുന്നില്ല. ഞാൻ ഇതിൽ പ്രവേശിക്കുകയാണ്, ഇതും ഡ്രാമയിലുള്ളതാണ്. എങ്ങനെ പ്രവേശിക്കുന്നു, ഈ ചോദ്യമില്ല. ബാബ പറയുന്നു എനിക്ക് സ്വന്തം ശരീരമില്ല. ഞാൻ സാധാരണ വൃദ്ധ

ശരീരത്തിൽ വന്ന് പ്രവേശിക്കുകയാണ്. വരുന്നതും ഭാരതത്തിലാണ്. ഇദ്ദേഹത്തിന് തന്റെ ജന്മങ്ങളെക്കുറിച്ച് അറിയുകയില്ല, ഞാൻ വന്ന് ഇദ്ദേഹത്തിന് മനസ്സിലാക്കി കൊടുക്കുകയാണ്. ഇതെല്ലാം ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ വലിയ ഡ്രാമയാണ്. ഏത് സെക്കന്റാണോ കടന്നു പോയത് അത് വീണ്ടും ആവർത്തിക്കും. ഈ പരിധിയില്ലാത്ത ഡ്രാമയുടെ രഹസ്യം ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്.

ബാബ പറയുന്നു കുട്ടികളേ നിങ്ങൾ ഏതെല്ലാം ദാനപുണ്യം മുതലായവ ചെയ്തു വന്നോ, ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെയാണ്. ഇതിലൂടെ ഒരു പ്രാപ്തിയുമില്ല എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഭക്തിയിൽ ഒരു സാരവുമില്ല. ഇത്രയും ഈ എല്ലാ ചിത്രങ്ങളുണ്ടാക്കിയിട്ടുണ്ടോ, ഇതിനെ പാവകളുടെ പൂജയെന്ന് പറയുന്നു. ബിംബം ഉണ്ടാക്കുക, കഴിപ്പിക്കുക, കുടിപ്പിക്കുക, മുക്കുക – ഇതെല്ലാം വിവേകശൂന്യതയല്ലേ. യജ്ഞം രചിക്കുമ്പോൾ മണ്ണിന്റെ ഒരു വലിയ ശിവലിംഗവും ചെറിയ ചെറിയ സാളിഗ്രാമങ്ങളുമുണ്ടാക്കുന്നു. ഇത് ആരുടെ പൂജയാണ് ചെയ്യുന്നത്, ഇതും മനസ്സിലാക്കുന്നില്ല. ബാബയും കുട്ടികളും സേവനം ചെയ്യുന്നു അപ്പോൾ അവരുടെ പൂജയുണ്ടാവുന്നു. ശിവന്റെ ലിംഗമുണ്ടാക്കുന്നു. നിങ്ങൾ കുട്ടികളുടെയും സാളിഗ്രാമങ്ങളുണ്ടാക്കുന്നു. നിങ്ങൾ കുട്ടികളിപ്പോൾ ഭാരതത്തെ പവിത്രമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഈശ്വരീയ സേവാധാരികളാണ്. നിങ്ങളുടെ പ്രീതി ബാബയോടാണ്. ബാബയുടെ ശ്രീമതത്തിലൂടെ നടക്കുന്നു അപ്പോഴാണ് ശ്രീമത് ഭഗവത് ഗീതയെന്ന് പാടുന്നത്. ഭഗവാൻ ഒരു ശാസ്ത്രവും പഠിക്കുന്നില്ല. ഒരു ധർമ്മ സ്ഥാപകനും ഒരിക്കലും ശാസ്ത്രമൊന്നും രചിക്കുന്നില്ല. അവർ വരുന്നത് ധർമ്മം സ്ഥാപിക്കാനാണ്. അവരുടെയടുത്ത് ഏത് ജ്ഞാനമാണോ ഉള്ളത്, അത് കേൾപ്പിക്കും. ക്രിസ്തു വന്ന് ബൈബിൾ പഠിപ്പിച്ചു എന്നല്ല, അദ്ദേഹം വന്നത് ധർമ്മം സ്ഥാപിക്കാനാണ്. ബാബ വന്ന് ശ്രീമതം നൽകുന്നു. ശ്രീ അർത്ഥം ശ്രേഷ്ഠമായ നിർദ്ദേശം. ഉയർന്നതിലും ഉയർന്ന നിർദ്ദേശം ഭഗവാന്റേത് മാത്രമാണ്. നിങ്ങൾ കുട്ടികളിപ്പോൾ ശ്രീമതത്തിലൂടെ നടക്കുകയാണ്. ബാബ പറയുന്നു കുട്ടികളേ എന്നെ ഓർമ്മിക്കൂ. അത്രമാത്രം, അക്ഷരം തന്നെ രണ്ടെണ്ണമാണ്. വളരെ സ്നേഹത്തോടെ വിളക്കുന്നു കുട്ടികളേ, അതിനാൽ ഇത് അച്ഛനും നമ്മളെല്ലാവരും ഈശ്വരീയ കുടുംബത്തിലെ അംഗങ്ങളാണ്. ഈ കാര്യം ആരുടെയും ബുദ്ധിയിലുണ്ടായിരിക്കുകയില്ല, ഇദ്ദേഹത്തിന്റെ ബുദ്ധിയിലുമുണ്ടായിരുന്നില്ല. ഇപ്പോൾ ബാബയിരുന്ന് ഇദ്ദേഹത്തിലൂടെ മനസ്സിലാക്കി തരികയാണ് ഈ ഏതെല്ലാം മനുഷ്യാത്മാക്കളുണ്ടോ, ഈ എല്ലാ ആത്മാക്കളെയും എനിക്ക് പാവനമാക്കി തിരിച്ച് കൂട്ടികൊണ്ട് പോകണം. ഞാൻ ഡ്രാമയനുസരിച്ച് വീണ്ടും വന്നിരിക്കുകയാണ് നിങ്ങളെ തിരിച്ച് കൂട്ടികൊണ്ട് പോകുന്നതിന്. ഇത് ബാബ ആത്മാക്കളോടാണ് പറയുന്നത്. ഇദ്ദേഹത്തിന്റെ ആത്മാവും കേൾക്കുന്നുണ്ട്. ബാബ നമുക്ക് ജ്ഞാനം നൽകികൊണ്ടിരിക്കുകയാണ്, ബാബക്ക് സ്വന്തം ശരീരമില്ല. ശ്രീ കൃഷ്ണന്റെ സാധാരണ രൂപമെന്ന് പറയുകയില്ല. ശ്രീ കൃഷ്ണനാണെങ്കിൽ സ്വർഗ്ഗത്തിന്റെ ആദ്യത്തെ രാജകുമാരനായിരുന്നു. പിന്നീട് ഇവരെല്ലാവരും പറയുന്നു ശ്രീ കൃഷ്ണ ഭഗവാനുവാച. ഇതാണെങ്കിൽ സാധ്യമല്ല. എത്ര വ്യത്യാസമാണ്. സംഗമത്തിൽ ശ്രീ കൃഷ്ണനുണ്ടാവുക സാധ്യമല്ല. കൃത്രിമമായ കൃഷ്ണനെയാണെങ്കിൽ ഒരുപാട് ഉണ്ടാക്കുന്നുണ്ട്. ബാക്കി പ്രാക്ടിക്കൽ സത്യയുഗത്തിലുണ്ടാവും. കൃഷ്ണന്റെ പേരിൽ വേറെയൊരാളും ഉണ്ടാവാൻ സാധിക്കില്ല. പേരാണെങ്കിൽ ഒരുപാട് തങ്ങൾക്ക് വെക്കുന്നു. ബാബ പറയുകയാണ് കുട്ടികളേ ഈ അവസാന ജന്മത്തിൽ പവിത്രമാകൂ എങ്കിൽ പവിത്ര ലോകത്തിന്റെ സ്ഥാപനയിൽ സഹായമാകും. പവിത്രത നല്ലത് തന്നെയാണ്. അനേകം പെൺകുട്ടികൾ പീഡനം അനുഭവിക്കുന്നു. അബലകളുടെ മേൽ അത്യാചാരമുണ്ടാകുന്നു. എഴുതുന്നു ബാബാ, എന്തു ചെയ്യും, ഞങ്ങളെ ഈ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കൂ. നാടകത്തിൽ ദ്രൗപതിക്ക് സാരികൾ നൽകിയിതായി കാണിക്കുന്നു. ഇത് ഒരു കഥയുണ്ടാക്കിയതാണ്. ബാബ പറയുന്നു കുട്ടികളേ, ഇപ്പോൾ പവിത്രമാകുന്നതിലൂടെ 21 ജന്മം നിങ്ങൾ ഒരിക്കലും നഗ്നമാവുകയില്ല. അവിടെ രാമരാജ്യമാണ്. മുഖ്യമായ വികാരമാണ് അശുദ്ധമായ അഹങ്കാരം, ദേഹാഭിമാനം. ദേഹത്തോട് മോഹം വയ്ക്കുന്നു. അവിടെ ആത്മാഭിമാനിയാണ്. നമ്മൾ പഴയ ശരീരം ഉപേക്ഷിച്ച് പുതിയതെടുക്കുന്നുവെന്ന് മനസ്സിലാക്കുന്നു. അതിനെ ആത്മാഭിമാനമെന്ന് പറയുന്നു. ബാബ പറയുന്നു – നിങ്ങളെല്ലാവരും ആത്മാക്കളാണ്, ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ എന്തുകൊണ്ടെന്നാൽ ഇപ്പോൾ തിരിച്ച് പോകണം. ഇത് ആത്മാക്കളുടെ സത്യം സത്യമായ ആത്മീയ യാത്രയാണ്. എല്ലാവർക്കും സുപ്രീം ബാബയുടെയടുത്ത് പോകണം. തീർത്ഥയാത്രക്ക് പോകുമ്പോൾ വഴിയിൽ രാമ–രാമ എന്ന് പറഞ്ഞ് പോകുന്നു. ബാബ പറയുന്നു നിങ്ങൾ ബാബയെ ഓർമ്മിച്ചു കൊണ്ടേ പോകൂ. ഇപ്പോൾ ലോകത്തിലുള്ള മുഴുവൻ പേരുമൊന്നും രാജയോഗം പഠിക്കുകയില്ല. കല്പം മുമ്പുള്ളവർ മാത്രമേ ഇവിടെ വരൂ. ഇപ്പോൾ വിത്ത് വിതക്കണം. ദേവീ–ദേവതാ ധർമ്മത്തിലെ മധുരമായ വൃക്ഷമേതാണോ ഉണ്ടായിരുന്നത് അത് പ്രായലോപമായി കഴിഞ്ഞു. ബാക്കി ശാഖകൾ നിൽക്കുന്നുണ്ട്. (ആൽമരത്തിന്റെ ഉദാഹരണം) അതുപോലെ ഈ ദേവീ ദേവതാ ധർമ്മത്തിന്റെ അടിത്തറയേതാണോ, അത് അഴുകി പോയി. ബാക്കി അടയാളങ്ങൾ(ചിത്രം) അവശേഷിക്കുന്നു. പക്ഷെ അതാരാണ്, ഇതാർക്കും

അറിയുകയില്ല. തന്റെ ധർമ്മത്തിന്റെ അറിവുമില്ല അതിനാൽ ഹിന്ദു ധർമ്മമെന്ന് പറയുന്നു. ബാബ പറയുന്നു നിങ്ങളുടെ ഭാരതം എത്ര ഉയർന്നതായിരുന്നു. ധർമ്മത്തെ പ്രതി തന്നെയാണ് പറയുന്നത് ധർമ്മം ശക്തി യാണ് (റിലീജിയൻ ഈസ് മൈറ്റ്). ഇപ്പോഴാണെങ്കിൽ ദേവതാ ധർമ്മമില്ല. പിന്നീട് ആ ധർമ്മം എങ്ങനെ സ്ഥാപിതമാകും. ബാബ സർവ്വ ശക്തിവാനാണ്, സമ്പത്ത് ബാബയിൽ നിന്നാണ് ലഭിക്കുന്നത്. ശക്തിയും ബാബയിൽ നിന്ന് ലഭിക്കും. ബാബ സൃഷ്ടിയുടെ ബീജരൂപമാണ്. നമ്മൾ ബാബയുടെ കുടുംബമായി. ബാബ സത്യമാണ്, ചൈതന്യമാണ്, ജ്ഞാനത്തിന്റെ സാഗരമാണ്. എല്ലാം ആത്മാവിലാണ്. ആത്മാവ് തന്നെയാണ് കേൾക്കുന്നത്, പഠിക്കുന്നത്. ആത്മാവിൽ തന്നെയാണ് നല്ലതും മോശവുമായ സംസ്ക്കാരമുണ്ടാകുന്നത്. ഈ സമയം എല്ലാവരുടെയും ആത്മാവ് തമോപ്രധാനമായിക്കഴിഞ്ഞിരിക്കുന്നു. ഭാരതവാസി തന്നെയാണ് ഏറ്റവും കൂടുതൽ തമോപ്രധാന ബുദ്ധിയായി മാറുന്നത്. ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ ആത്മാക്കളും ഭാരതത്തിലേത് തന്നെയായിരുന്നു. അവർ തന്നെയായിരുന്നു സ്വർഗ്ഗത്തിലെ അധികാരികൾ. ഈ നാടകം ഉണ്ടാക്കപ്പെട്ടതാണ്. എല്ലാവർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുള്ളതാണ്. ആത്മാക്കളെല്ലാം ഒരുപോലെയാണ്, അതിൽ ഒരു വ്യത്യാസവുമില്ല. നമ്മുടെ ആത്മാവ് ചെറുതാണ്, ബാബ വലുതാണ്, ഇങ്ങനെയല്ല. ആത്മാവ് ചെറുതും വലുതുമാകുന്നില്ല. ആത്മാവ് 84 ജന്മങ്ങളുടെ പാർട്ട് വീണ്ടും ആവർത്തിക്കുകയാണ്. അതിന് ഒരിക്കലും അവസാനമുണ്ടാകുന്നില്ല. ഒരു ആത്മാവ് എത്ര സേവനം ചെയ്തിട്ടുണ്ടാകും. ആ അവിനാശിയായ പാർട്ട് ഒരിക്കലും നശിക്കുന്നതല്ല. എന്താ ഈ കാര്യങ്ങളെല്ലാം വിദ്വാൻ, പണ്ഢിതൻ, ശാസ്ത്രങ്ങളുടെ അതോറിറ്റികൾക്ക് അറിയുമോ? ഇത്ര ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടാണ്. പരംപിതാ പരമാത്മാവും ഡ്രാമക്ക് വശപ്പെട്ടിരിക്കുന്നു. പാർട്ടഭിനിയിക്കാൻ ബാധ്യസ്ഥനാണ്, കൃത്യമായ സമയത്തേ വരൂ. ബാബക്കും തന്റെ പാർട്ട് സമയത്ത് അഭിനയിക്കണം, എല്ലാവരെയും സുഖികളാക്കി മാറ്റണം. ചിന്തിക്കൂ ആത്മാവ് എന്താണ്. ബാബയുടെ ആത്മാവും ഇത്ര ചെറിയ ബിന്ദുവിനെ പോലെയാണ്. ഇത്ര ചെറിയ വസ്തുവിന്റെ പൂജ ആർക്കും ചെയ്യാൻ സാധിക്കില്ല. ഭക്തിയ്ക്കു വേണ്ടി പിന്നീട് വലുതുണ്ടാക്കിയിരിക്കുന്നു പൂജിക്കാനായി. ശിവൻ അഥവാ രുദ്രനെന്നും പറയുന്നു. ബിന്ദുവിനെ പോലെയാണ്. തിലകമിടാറുണ്ടല്ലോ. ഇവിടെ ഇത് വളരെ മനസ്സിലാക്കാനുള്ള കാര്യമാണ് വേറെയാർക്കും മനസ്സിലാക്കി തരാൻ സാധ്യമല്ല. ഇത് ബാബയിരുന്ന് മനസ്സിലാക്കി തരുന്നു, വളരെ സൂക്ഷ്മമായ കാര്യമാണ്. ബാബ മനസ്സിലാക്കി തരുന്നു – കുട്ടികളേ, നോക്കൂ ആത്മാവ് എത്ര ചെറുതാണ്. ആത്മാവിന്റെ അവയവം നോക്കൂ എത്ര വലുതാണ്. ഈ സമയം എല്ലാവരുടെ ആത്മാവും ശരീരവും പതിതമാണ്, ഇപ്പോൾ വീണ്ടും പാവനമാക്കി മാറ്റണം. നിങ്ങൾ അവ്യഭിചാരിയായി മാറൂ, ഒരാളിൽ നിന്ന് മാത്രം കേൾക്കൂ. ഒരാളെ മാത്രം ഓർമ്മിക്കൂ. ആഹാ! ബാബാ അങ്ങാണെങ്കിൽ വലിയ അത്ഭുതമാണ് ചെയ്യുന്നത്. എങ്ങനെയുള്ള ജ്ഞാനമാണ് കേൾപ്പിക്കുന്നത്! നിങ്ങളുടെ കയറുന്ന കല ഇപ്പോൾ തന്നെയാണുണ്ടാകുന്നത് എപ്പോഴാണോ ബാബ വന്ന് പഠിപ്പിക്കുന്നത്. ഈ സമയം എല്ലാ മനുഷ്യരും പതിതമാണ്, അതിനാൽ ബാബ പറയുകയാണ് – ഞാൻ എല്ലാവരെയും ഉദ്ധരിക്കാൻ വേണ്ടി വന്നിരിക്കുകയാണ്. രാത്രിയിൽ നിന്ന് പകലിലേക്ക് പോകുന്നതിന്റെ വഴി പറഞ്ഞു തരുന്നു. പാടുന്നുമുണ്ട് കണ്ണില്ലാത്തവർക്ക്...... എല്ലാവരും പറയുന്നു ഞങ്ങൾ കണ്ണില്ലാത്തവരാണ്, ഞങ്ങൾക്ക് വഴി പറഞ്ഞു തരൂ. എവിടെക്കുള്ള വഴി? തന്റെ വീട്ടിലേക്കുള്ള വഴി. ഇവിടെയാണെങ്കിൽ വളരെ ദുഖമാണ്. ബാബാ ഞങ്ങൾ അന്ധന്മാരുടെ വടിയാണ്. ബാബ എന്ന അക്ഷരത്തിലൂടെ സമ്പത്ത് ഓർമ്മ വരുന്നു. പ്രഭൂ അഥവാ ഈശ്വരൻ എന്ന് പറയുന്നതിലൂടെ സമ്പത്തിന്റെ ലഹരിയുണ്ടാകുന്നില്ല എന്തുകൊണ്ടെന്നാൽ ഭഗവാനെന്ന് ആരെയാണ് പറയുന്നത്. അങ്ങ് തന്നെയാണ് മാതാവും പിതാവും..... ഇത് ബാബയുടെ മഹിമയാണ്. മനുഷ്യർ പറയുകയാണ് ഈ വേദമാണെങ്കിൽ അനാദിയാണ്. പക്ഷെ ചോദിക്കൂ എപ്പോൾ മുതൽ പഠിച്ചു വന്നു? എന്താ സത്യയുഗം മുതൽക്കാണോ? അവിടെ ശാസ്ത്രമാണെങ്കിൽ ഇല്ല. ഇത് ഭക്തിമാർഗ്ഗത്തിലെയാണ്. ഒന്നും അറിയുന്നില്ല. ബാബ പറയുന്നു ഇപ്പോൾ ഞാൻ വന്ന് എല്ലാത്തിന്റെയും സാരം കേൾപ്പിക്കുകയാണ് – ബ്രഹ്മാവിലൂടെ. ബ്രഹ്മാ പുത്രൻ എന്റെയാണോ അതോ വിഷ്ണുവിന്റെ നാഭിയിൽ നിന്നാണോ വന്നത്! ബ്രഹ്മാവാണെങ്കിൽ ശിവന്റെ കുട്ടിയാണ്. വിഷ്ണുവിന്റെ കുട്ടിയല്ല. അതെ, ബ്രഹ്മാവ് തന്നെയാണ് പിന്നീട് വിഷ്ണുവാകുന്നത്. പിന്നീട് വിഷ്ണു 84 ജന്മങ്ങൾക്ക് ശേഷം ബ്രഹ്മാവാകുന്നു, ഇത് വളരെ ഗുഹ്യമായ രഹസ്യമാണ് ഏതാണോ നിങ്ങൾ മനസ്സിലാക്കുന്നത്. ഇപ്പോൾ ബ്രഹ്മാ മുഖത്തിലൂടെ നിങ്ങൾ ബ്രാഹ്മണ കുട്ടികളുടെ ജന്മമുണ്ടായി അതിനാൽ നിങ്ങൾ കുട്ടികൾക്ക് എത്ര ലഹരിയും സന്തോഷവുമുണ്ടായിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) സമ്പൂർണ്ണ പാവനമാകുന്നതിന് വേണ്ടി അവ്യഭിചാരിയായി മാറണം. ഒരു ബാബയിൽ നിന്ന് മാത്രം കേൾക്കണം, ഒന്നിനെ മാത്രം ഓർമ്മിക്കണം.

2) ഈശ്വരീയ സേവകരായി മാറി ഭാരതത്തെ പാവനമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം. ഒരു ബാബയോട് പ്രീത ബുദ്ധിയായിരിക്കണം.

**വരദാനം:- സ്വസ്ഥിതിയിലൂടെ ഓരോ പരിസ്ഥിതിയെയും മറികടക്കുന്ന മാസ്റ്റർ ത്രികാലദർശിയായി ഭവിക്കൂ**

ഏത് കുട്ടികളാണോ ത്രികാലദർശി സ്ഥിതിതിയിൽ സ്ഥിതി ചെയ്യുന്നത് അവർ തന്റെ സ്വ സ്ഥിതിയിലൂടെ ഓരോ പരിസ്ഥിതിയെയും ഒന്നും ഇല്ലാത്തിരുന്നത് പോലെ മറികടക്കുന്നു. ജ്ഞാനയുക്തരും ത്രികാല ദർശികളുമായ ആത്മാക്കൾ സമയമനുസരിച്ച് ഓരോ ശക്തിയെയും, ഓരോ പോയന്റിനെയും, ഓരോ ഗുണത്തെയും ഓർഡറനുസരിച്ച് നടത്തുന്നു. ഇങ്ങനെയല്ല സമയമനുസരിച്ച് സഹനശക്തിയെ ഓർഡർ ചെയ്തു എന്നാൽ കാര്യം കഴിഞ്ഞതിന് ശേഷം സഹനശക്തി വന്നു. ഏത് സമയം ഏത് ശക്തി, ഏത് വിധിയിൽ ആവശ്യമാണോ - ആ സമയം തന്റെ കാര്യം ചെയ്യണം അപ്പോൾ പറയും ഖജനാവിന്റെ അധികാരി, മാസ്റ്റർ ത്രികാലദർശി.

**സ്ലോഗൻ:- ആരാണോ സദാ സന്തുഷ്ടമായി കഴിയുകയും സർവ്വർക്കും സന്തോഷം വിതരണവും ചെയ്യുന്നത് അവരാണ് സത്യമായ സേവാധാരി.**